പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2023 16.02.2016-ൽ മറുപടിക്ക്

## കണ്ടക്ടർമാരുടേയും, ഡ്രൈവർമാരുടേയും ഒഴിവുകൾ

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സി യിൽ എത്ര കണ്ടക്ടർ മാരുടേയും, ഡ്രൈവർമാരുടേയും ഒഴിവുകളാണ് ഉള്ളതെന്ന് പറയാമോ; | (എ) | കാസർഗോഡ് ജില്ലയിൽ കെ.എസ്.ആർ.ടി.സിയുടെ ഡിപ്പോകളിൽ കണ്ടക്ടർമാരുടേയും ഡ്രൈവർമാരുടേയും ഒഴിവുകൾ നിലവിലില്ല. |
| (ബി) | ജീവനക്കാരുടെ കുറവ് മൂലം പല ഷെഡ്യൂളുകളും മുടങ്ങുന്നതായും അതുമൂലം യാത്രക്കാർക്കുണ്ടാകുന്ന പ്രയാസങ്ങളും ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ജീവനക്കാർ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതുകാരണം ചില ദിവസങ്ങളിൽ ചില ഷെഡ്യൂളുകൾ ക്യാൻസൽ ചെയ്യേണ്ടി വരാറുണ്ട്. അത്തരത്തിൽ ഷെഡ്യൂൾ ക്യാൻസൽ ചെയ്യുമ്പോൾ യാത്രക്കാർക്ക് പരമാ വധി ബുദ്ധിമുട്ട് ഉണ്ടാകാത്ത വിധം പ്രധാന ട്രിപ്പുകൾ ഇതര ഷെഡ്യൂളുകളിൽ പെടുത്തി സർവ്വീസ് നടത്താറുമുണ്ട്. |
| (സി) | മറ്റ് ജില്ലകളിൽ അനുവദിച്ച തസ്തികകളേക്കാൾ കണ്ടക്ടർമാരും ഡ്രൈവർമാരും ഉണ്ടോ എന്ന് വിശദമാക്കാമോ; | (സി) യും (ഡി) യും (ഇ) യും | മറ്റ് ജില്ലകളിൽ അനുവദിച്ച തസ്തികകളിൽ മാത്രമെ കണ്ടക്ടർമാരും ഡ്രൈവർമാരും ജോലി ചെയ്യുന്നുള്ളു. |
| (ഡി) | എങ്കിൽ ഏതൊക്കെ ജില്ലകളിൽ, എത്ര അധികം ജീവനക്കാരാണുള്ളതെന്ന പട്ടിക നൽകുമോ; | | |
| (ഇ) | അവരെ കാസർഗോഡ് അടക്കമുള്ള ജില്ലകളിലേക്ക് പുനർ വിന്യസിക്കുന്നതിനായി നടപടികൾ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ